കുതിരാൻ മേഖലയിൽ മാസങ്ങ ... ക്കോട്, മുളയം ജംഗഷനിലെ അ ... പണികൾ ആരംഭിച്ചത്.

# തരിശു കൃഷിയിലെ നെല്ല് കുത്താൻ മിനി റൈസ് മില്ലുകൾ അനുവദിക്കും : മന്ത്രി

Janayugom 08-10-18, P-2



വർഷങ്ങളോളം തരിശ്ശായി കിടന്നിരുന്ന കൃഷി ഭൂമിയിൽ നടീൽ ആരംഭിച്ചു കൃഷി മന്ത്രി വി.എസ്. സുനിൽകുമാർ നടീൽ ഉത്സവം ഉദ്ഘാടനം ചെയ്യുന്നു.

കുന്നംകുളം : വർഷങ്ങളോളം തരിശ്ശായി കിടന്നിരുന്ന കൃഷി ഭൂമിയിൽ നടീൽ ആരംഭിച്ചു കൃഷി മന്ത്രി വി.എസ്. സുനിൽകുമാർ നടീൽ ഉത്സവം ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ നെൽകൃഷി മൂന്ന് ലക്ഷം ഹെക്ടറിലേക്ക് എത്തിക്കുകയാണ് കൃഷി വകുപ്പിന്റെ ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. മണ്ണ് പരിശോധനയിലൂടെ മണ്ണിലെ സൂക്ഷ്മ ഘടകങ്ങളുടെ കുറവും കൂടുതലും കണ്ടെത്തി ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യാനുള്ള സംവിധാനങ്ങൾ കർഷകർ ഉപയോഗപ്പെടുത്തണം. കൃഷി ലാഭകരമാക്കുന്നതിനും ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ വിപണിയിലെത്തിക്കാനും ഇത് സഹായിക്കും. കർഷകർക്ക് ആവശ്യമായ എല്ലാ സഹായവും കൃഷിഭവനുകളിൽ നിന്ന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന നെല്ല് കുത്താൻ മിനി റൈസ് മില്ലുകൾ അനുവദിക്കുമെന്ന് മന്ത്രി ചടങ്ങിൽ പറഞ്ഞു ചെയർപേഴ്സൺ സീത രവീന്ദ്രൻ അധ്യക്ഷയായി. തഹസിൽദാർ ടി ബ്രീജാകുമാരി, കെ. ജയശങ്കർ, പി എം സുരേഷ്, ഗീത ശശി, മിഷ സെബാസ്റ്റ്യൻ, കെ എ അസീസ്, വി കെ ശ്രീരാമൻ, കെ പി സാക്സൺ, പി ജി ജയപ്രകാശ്, അനീഷ് ഇയ്യാൽ കെ കെ നൗഫൽ തുടങ്ങിയവർ പങ്കെടുത്തു.